**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2928** **24-02-2026 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടും തുടർ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'നല്ല സിനിമ നല്ല നാളെ' എന്ന ആപ്തവാക്യവുമായി ഏറെ മുന്നൊരുക്കങ്ങൾക്ക് ശേഷം നടത്തിയ സിനിമാ കോൺക്ലേവിൽ ഉയർന്നു വന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ സിനിമാ നയം രൂപീകരിച്ചിരുന്നോ; | (എ) | 2025 ആഗസ്റ്റ് 2,3 തീയതികളിൽ നിയമസഭാ മന്ദിരത്തിൽ നടന്ന കേരള ഫിലിം പോളിസി കോൺക്ലേവിൽ 600 - ഓളം ചലച്ചിത്ര പ്രവർത്തകർ പങ്കെടുത്തിരുന്നു, പ്രസ്തുത കോൺക്ലേവിൽ പങ്കുവെച്ച അഭിപ്രായങ്ങൾ കൂടി ക്രോഡീകരിച്ചുകൊണ്ട് തയ്യാറാക്കിയ കരട് സിനിമാ നയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ഹേമ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച തീയതി, സിനിമാ കോൺക്ലേവ് നടന്ന തീയതി എന്നിവ അറിയിക്കാമോ; | (ബി) | 31.12.2019 നാണ് ജസ്റ്റിസ്സ് കെ. ഹേമ അദ്ധ്യക്ഷയായുള്ള സമിതി സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചത്. 2025 ആഗസ്റ്റ് 2,3 തീയതികളിലാണ് നിയമസഭാ മന്ദിരത്തിൽ സിനിമാ കോൺക്ലേവ് സംഘടിപ്പിച്ചത്. |
| (സി) | മലയാള ചലച്ചിത്ര മേഖലയിലെ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പുതിയ നിയമനിർമ്മാണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (സി) | മലയാള ചലച്ചിത്ര മേഖലയിലെ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സിനിമ മേഖലയിലെ പരാതികൾ പരിഹരിക്കുന്നതിനും ഈ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ജസ്റ്റിസ്സ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശകളിൽ ഒന്നായ ട്രൈബ്യൂണൽ രൂപീകരിക്കുന്ന വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ച് വരുന്നു. ഇതിനായി സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷ കൺവീനറായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സിനിമാ മേഖല കൂടാതെ സീരിയൽ, സ്റ്റേജ് ഷോകൾ, പരസ്യ ചിത്രീകരണം തുടങ്ങി എല്ലാ വിനോദ മേഖലകളിലും പ്രവർത്തിക്കുന്ന കലാകാരന്മാർ/ജീവനക്കാർ എന്നിവരുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഒരു പ്രത്യേക നിയമ നിർമ്മാണത്തിലൂടെ ഒരു ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള പുതിയ നിയമത്തിന്റെ കരട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിന് പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സിനിമ മേഖലയിലെ പരാതികൾ പരിഹരിക്കുന്നതിനായി ഒരു സ്ഥിരം സംവിധാനമോ (ട്രൈബ്യൂണൽ) പ്രത്യേക സെല്ലോ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ഡി) | മലയാള ചലച്ചിത്ര മേഖലയിലെ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സിനിമ മേഖലയിലെ പരാതികൾ പരിഹരിക്കുന്നതിനും ഈ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ജസ്റ്റിസ്സ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശകളിൽ ഒന്നായ ട്രൈബ്യൂണൽ രൂപീകരിക്കുന്ന വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ച് വരുന്നു. ഇതിനായി സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷ കൺവീനറായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സിനിമാ മേഖല കൂടാതെ സീരിയൽ, സ്റ്റേജ് ഷോകൾ, പരസ്യ ചിത്രീകരണം തുടങ്ങി എല്ലാ വിനോദ മേഖലകളിലും പ്രവർത്തിക്കുന്ന കലാകാരന്മാർ/ജീവനക്കാർ എന്നിവരുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഒരു പ്രത്യേക നിയമ നിർമ്മാണത്തിലൂടെ ഒരു ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള പുതിയ നിയമത്തിന്റെ കരട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിന് പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | മലയാള സിനിമ മേഖലയിലെ തൊഴിൽ കരാറുകൾ, വേതനം, അടിസ്ഥാന സൗകര്യങ്ങൾ, സിനിമാ മേഖലയിൽ സ്ത്രീകൾ അനുഭവിക്കുന്ന സുരക്ഷാ പ്രശ്നങ്ങൾ, ലിംഗ നീതി, സുരക്ഷിതമായ താമസം, ശുചിമുറി തുടങ്ങി ഡബ്ല്യു. സി. സി. പോലുള്ള സംഘടനകൾ ഉന്നയിച്ചിട്ടുള്ള വിവിധ വിഷയങ്ങളിൽ പരിഹാരമുണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നയരൂപീകരണത്തിലോ നിയമ നിർമ്മാണത്തിലോ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഇ) | സിനിമ മേഖലയിലെ പരാതികൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഈ മേഖലയ്ക്ക് പ്രത്യേകമായി ഒരു ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികളിലാണ്. കൂടാതെ മലയാള സിനിമയ്ക്ക് സമഗ്രമായ പരിഷ്കരണത്തിനായി സംസ്ഥാനത്തിന്റേതായ ഒരു സിനിമാ നയരൂപീകരണത്തിനായി 2023 ജൂണിൽ സർക്കാർ ഒരു സിമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി 2024 നവംബർ വരെയുള്ള ഒരു വർഷക്കാലയളവിൽ 75 - ഓളം സംഘടനകളുമായി 20 ഘട്ടങ്ങളിൽ ചർച്ച നടത്തുകയും 500 - ൽപ്പരം വ്യക്തികളുമായി മുഖാമുഖം നടത്തുകയും ഈ ആശയ വിനിമയത്തിൽ നിന്ന് ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ ചർച്ചാക്കുറിപ്പുകളായി 2025 ആഗസ്റ്റ് 2,3 തീയതികളിൽ നിയമസഭാ മന്ദിരത്തിൽ നടന്ന കേരള ഫിലിം പോളിസി കോൺക്ലേവിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു. 600 - ഓളം ചലച്ചിത്ര പ്രവർത്തകർ പങ്കെടുത്ത കോൺക്ലേവിൽ പങ്കുവെച്ച അഭിപ്രായങ്ങൾ കൂടി ക്രോഡീകരിച്ചുകൊണ്ട് തയ്യാറാക്കിയ കരട് സിനിമാ നയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (എഫ്) | ചലച്ചിത്ര നയരൂപീകരണവും നിയമനിർമ്മാണവും എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ? | (എഫ്) | ചലച്ചിത്ര നയവും സിനിമാ മേഖലയെ സംബന്ധിച്ച നിയമനിർമ്മാണവും എത്രയും വേഗം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ